ഒരു മനസ്സോടെ ഒരുങ്ങി നിൽക്ക നാം
മണവാളനേശുവിൻ വരവിനായി
വരുന്ന വിനാഴികയറിയിന്നില്ലായ്കയാൽ
ഒരുങ്ങിയുണർന്നിരിക്കാം – നാഥൻ
ദീപം തെളിയിച്ചു കാത്തിരിപ്പിൻ
ജീവനാഥനെ എതിരേൽപ്പാൻ
മന്നവൻ ക്രിസ്തുവാം അടിസ്ഥാനത്തിന്മേൽ
പണിയണം പൊൻ വെള്ളിക്കല്ലുകളാൽ
മരം പുല്ലു വൈക്കോൽ ഇവകളാൽ ചെയ്ത
വേലകൾ വെന്തിടുമേ – അയ്യോ!
ദീപം .........2
വന്ദ്യവല്ലഭനാം യേശുമഹേശൻ
വിശുദ്ധന്മാർക്കായ് വാനിൽ വന്നിടുമ്പോൾ
നിന്ദ്യരാകാതെ വെളിപ്പെടും വണ്ണം
സുസ്ഥിരരായിരിക്കാം – നമ്മൾ ദീപം...........2.
തൻതിരുനാമത്തിൽ ആശ്രിതരായ് നാം
തളർന്നുപോകാതെ കാത്തിരിക്കാം
അന്ത്യം വരെയും ആദിമ സ്നേഹം
ഒട്ടും വിടാതിരിക്കാം – നമ്മൾ
ദീപം .........2
വെന്തഴിയും ഈ ഭൂമിയെന്നോർക്കും
കാന്തനെ കാണുവാൻ കാത്തിരുന്നും
എത്ര വിശുദ്ധ ജീവനും ഭക്തിയും
ഉള്ളവരാകണം നാം – പാർത്താൽ ദീപം ...........2
ജഡത്തിൻറെ പ്രവൃത്തികൾ സംഹരിച്ചു നാം
ജയിക്കണം സാത്താന്യ സേനകളെ
ജയിക്കുന്നവനു ജീവപറുദീസിൽ
ജീവകനി ലഭിക്കും – ആമേൻ
ദീപം...............2

oru manassote orungngi nilkka naam
manavaalanesuvin varavinaayi
varunna vinaazhikayarriyinnillaaykayaal
orungngiyunarnnirikkaam – naathhan
deepam theliyichchu kaaththirippin
jeevanaathhane ethirelppaan
mannavan kristhuvaam atisthhaanaththinmel
paniyanam pon vellikkallukalaal
maram pullu vaikkol ivakalaal cheytha
velakal venthitume – ayyo!
deepam .........2
vandyavallabhanaam yesumahesan
visuddhanmaarkkaay vaanil vannitumpol
nindyaraakaathe velippetum vannam
susthhiraraayirikkaam – nammal deepam...........2.
thanthirunaamaththil aasritharaay naam
thalarnnupokaathe kaaththirikkaam
anthyam vareyum aadima sneham
ottum vitaathirikkaam – nammal
deepam ........2
venthazhiyum ee bhoomiyennorkkum
kaanthane kaanuvaan kaaththirunnum
ethra visuddha jeevanum bhakthiyum
ullavaraakanam naam – paarththaal deepam ...........2

jadaththinte pravrththikal samharichchu naam
jayikkanam saaththaanya senakale
jayikkunnavanu jeevaparrudeesil
jeevakani labhikkum - aamen deepam……………2